# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1034 05.03.2018-ൽ മറുപടിക്ക്

### ഹയർസെക്കൻഡറി അധ്യാപക സ്ഥലമാറ്റം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കൻഡറി അധ്യാപക സ്ഥലമാറ്റത്തിനായി പ്രസിദ്ധീകരിച്ച കരടുപട്ടികയിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | താത്കാലിക ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അപേക്ഷ ക്ഷണിച്ചതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 03.04.2017-ലെ സ.ഉ(പി) നം.06/2017/പൊവിവ ഉത്തരവിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നത്. |
| (സി) | റവന്യൂ ജില്ലയ്ക്കു പകരം, ഹയർ സെക്കണ്ടറിയിൽ ബാധകമല്ലാത്ത വിദ്യാഭ്യാസ ജില്ല ഹോംസ്റ്റേഷനായി പരിഗണിച്ചാണോ ഇത്തവണ അപേക്ഷ ക്ഷണിച്ചതെന്ന് വ്യക്തമാക്കുമോ; | (സി) | വിദ്യാഭ്യാസ ജില്ല ഹോംസ്റ്റേഷനായി പരിഗണിച്ചാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. |
| (ഡി) | ഹോംസ്റ്റേഷനിൽ, നിലവിൽ ജോലി ചെയ്യുന്ന സ്കൂളിന്റെ 25 കി.മീ ചുറ്റളവിൽ വരുന്ന സ്കൂളുകളും, ആയത് മറ്റ് വിദ്യാഭ്യാസ ജില്ലയിലാണെങ്കിൽ പോലും ഹോംസ്റ്റേഷനായി പരിഗണിക്കുമെന്ന് മാനദണ്ഡത്തിൽ പറഞ്ഞിരുന്നുവോ; | (ഡി) | പറഞ്ഞിരുന്നു. |
| (ഇ) | എങ്കിൽ ഇത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ഹയർ സെക്കന്ററി അധ്യാപകരുടെ പൊതുസ്ഥലംമാറ്റത്തിന് എതിരെ ഫയൽ ചെയ്യപ്പെട്ട വിവിധ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.12.2017-ലെ ഉത്തരവ് പ്രകാരം ഹയർ സെക്കന്ററി അധ്യാപകരുടെ താൽക്കാലിക സ്ഥലംമാറ്റ പട്ടിക റദ്ദ് ചെയ്യുകയും വിദ്യാഭ്യാസ ജില്ലയ്ക്ക് പകരം റവന്യൂജില്ല ഹോം സ്റ്റേഷനായി പരിഗണിക്കാനും ഉത്തരവായിരുന്നു. |

(മറുപുറം...)

| | | |
|---|---|---|
| (എഫ്) | സ്ഥലം മാറ്റം വഴി പുറത്തു പോകേണ്ടി വരുന്നവരുടെ കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എഫ്) ഇ പിരിവിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.